# ദൈവാശ്രയം

## യെശയ്യാവ് 2:22

“മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിവിൻ; അവനെ എന്തു വിലമതിപ്പാനുള്ളു?”

“ആശ്രയം യേശുവിൽ എന്നതിനാൽ ഭാഗ്യവാൻ ഞാൻ” എന്നു നാം പാടാറുണ്ട് എന്നാൽ വ്യക്തിപരമായി നാം ഓരോരുത്തരും നമ്മെ തന്നെ ശോധന ചെയ്യേണ്ടതിന്റെ ആവശ്യകത ഇന്നു വളരെയധികമാണ്. കാരണം നാം ഇന്നായിരിക്കുന്ന ഈ ലോകം ദൈവാശ്രയം വിട്ട് മനുഷ്യാശ്രയം എന്ന ഒരു വസ്തുതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ദൈവത്തെയും അവന്റെ സൃഷ്ടിയെയും വേർതിരിച്ചുകാണുവാൻ ഇന്നു മനുഷ്യർക്കാവുന്നില്ല, കാരണം അവരുടെ കണ്ണുകളെ സാത്താൻ കുരുടിനാൽ മറെച്ചിരിക്കുകയാണ്. അവന്റെ ലക്ഷ്യമെന്നതു തന്നെ ദൈവജനത്തെ ദൈവത്തിൽ നിന്നകറ്റി നിർത്തുക എന്നതാണ്. അതു നാം ആദി മുതൽക്കേ കണ്ടു വരുന്ന ഒരു വസ്തുതയാണ്. ഇന്നു ലോകം തരുന്ന അറിവും അതു തന്നെയാണ്. നാം നല്ലതെന്നു കരുതുന്ന അല്ലെങ്കിൽ നമുക്ക് വിശ്വസനീയമായ തരത്തിൽ നമ്മെ ഇത്തരത്തിലേക്കുള്ള ഒരു വഴിത്തെറ്റിലേക്ക് നയിക്കുകയാണ് ഇന്നു ലോകം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ദൈവവചനത്തിൽ നമുക്ക് കാണാം “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ” (യിരെമ്യാവു 17:5).

നാം റോമർ 1:19 മുതൽ വായിക്കുമ്പോൾ അവിടെ ഇപ്രകാരം പറയുന്നു, “ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി.” തുടർന്ന് വാക്യം 24 ൽ പറയുന്നു “അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏൽപ്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ

സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു.” ദൈവാശ്രയത്തിൽ നിൽക്കാൻ തക്കവണ്ണം വിളിക്കപ്പെട്ട ദൈവജനം, ദൈവത്തെ മറന്ന് മനുഷ്യാശ്രയത്തിലേക്കു പോയ ആ പഴയ പാരമ്പര്യത്തെ ഇവിടെ വളരെ ലളിതമായ ഭാഷയിൽ, വായിക്കുന്ന ഏവനും ഒരേപോലെ മനസ്സിലാവുന്ന തരത്തിൽ പൗലോസിലൂടെ ദൈവാത്മാവ് എഴുതിവെച്ചിരിക്കുന്നു. കാരണം ഒരിക്കലും ഒരുവൻ “എനിക്കു മാറുവാൻ തക്കതായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചില്ല” എന്നു പറഞ്ഞ് ദൈവത്തോട് വാദിക്കുവാൻ പാടില്ല.

അങ്ങനെയെങ്കിൽ പ്രിയ ദൈവജനമേ, ഇന്നു നമ്മുടെ അവസ്ഥ ഇതിൽ നിന്നും വ്യത്യസ്ഥമാണോ? അതോ നാമും ഇസ്രായേൽ മക്കൾ മറുതലിച്ച് ദൈവത്തെ മറന്നു കളഞ്ഞതു പോലെ അവനെ അറിഞ്ഞിട്ടും, അവനിൽ നിന്നനുഭവിച്ചിട്ടും, അവന്റെ സ്വന്തമായിത്തീർന്നിട്ടും അവനെ വിട്ട് ഇന്നു മനുഷ്യനെ ആശ്രയിപ്പാൻ തക്കവണ്ണം നമ്മുടെ മനം തിരിക്കുന്നവരാണോ? എങ്കിൽ ദൈവത്തിന്റെ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു “സാമാന്യജനം ഒരു ശ്വാസവും ശ്രേഷ്ഠജനം ഭോഷ്കുമത്രേ; തുലാസിന്റെ തട്ടിൽ അവർ പൊങ്ങിപ്പോകും; അവർ ആകപ്പാടെ ഒരു ശ്വാസത്തേക്കാൾ ലഘുവാകുന്നു.” (സങ്കീർത്തനങ്ങൾ 62:9). ഇന്നീ ദൈവത്തിന്റെ സന്നിധിയിൽ നാം ഒന്നു തീരുമാനിക്കണം, എന്റെ ആശ്രയം യഹോവയാം ദൈവത്തിലായിരിക്കും. അവൻ എന്റെ പാറ, എന്റെ കോട്ട, എന്റെ ശൈലം, എന്റെ രക്ഷ, എന്റെ മുപ്രകാശം. വഴിയും സത്യവുമായവനിൽ ഞാൻ ആശ്രയിക്കും. അങ്ങനെയെങ്കിൽ നമുക്ക് ഉള്ളു തുറന്നു പാടാൻ കഴിയും ‘ആശ്രയം യേശുവിൽ എന്നതിനാൽ ഭാഗ്യവാൻ ഞാൻ’. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 118:8–10

“മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. സകലജാതികളും എന്നെ ചുറ്റിവളഞ്ഞു; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും.”

ബ്രദർ. ബിനു ബേബി ആലപ്പുഴ 068